LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പുതുക്കിയ അലൈൻമെന്റ് അംഗീകാരത്തിനായി 21-7-2014-ന് ചീഫ് എഞ്ചിനീയറുടെ ആഫീസിൽ ലഭിച്ചിട്ടുണ്ട്.

(ബി) അലൈൻമെന്റ് 8-8-2014 -ന് അംഗീകരിച്ചിട്ടുണ്ട്.

(സി) അകലാപ്പുഴ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടന്നുവരുന്നു.

(ഡി) 7,80,000 രൂപ ഇൻവെസ്റ്റിഗേഷന് വേണ്ടി വകയിരുത്തിയിട്ടുണ്ട്.

പുലാമന്തോൾ പാലത്തിന്റെ നിർമ്മാണച്ചെലവ്

375 (1433) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പി-പെരിന്തൽമണ്ണ റോഡിൽ പുലാമന്തോൾ പാലം തകർന്നതിനെത്തുടർന്ന് നിർമ്മിച്ച പാലത്തിന് ചെലവായ തുക എത്രയാണ് എന്ന് വ്യക്തമാക്കുമോ; അനേകം വർഷമായി പ്രസ്തുത പാലത്തിനുവേണ്ടി നടത്തുന്ന ടോൾ പിരിവു അവസാനിപ്പിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

ആർ.ബി.ഡി.സി.കെ. നിർമ്മിച്ച പുലാമന്തോൾ പാലം നിർമ്മാണത്തിന് ആകെ ചെലവായ തുക 347.34 ലക്ഷം രൂപയാണ്. 2004-ൽ ആണ് ടോൾ പിരിവ് തുടങ്ങിയത് കരാർപ്രകാരം 2020 വരെയാണ് ടോൾ കാലാവധി.

മാവേലിക്കര മണ്ഡലത്തിൽ പൊതുമരാമത്ത് വിഭാഗത്തിന്റെ മേൽനോട്ടത്തിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ

376 (1434) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്തു വിഭാഗം നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) 2014-15 കാലയളവിൽ മാവേലിക്കര മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്തു വിഭാഗം നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ എന്തൊക്കെയാണ്;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിടവിഭാഗം നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) 2014-15 കാലയളവിൽ മാവേലിക്കര മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിടവിഭാഗം നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ എന്തൊക്കെയാണ്;

(ഇ) ഈ സർക്കാർ അധികാരമേറ്റ ശേഷം ശബരിമല പാക്കേജിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ പുനരുദ്ധാരണ പ്രവൃത്തികൾക്കായി തുക അനുവദിച്ച റോഡുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എഫ്) മാവേലിക്കര ബൈപാസ് നിർമ്മാണം ആരംഭിക്കുന്നതിനുള്ള തടസ്സം വ്യക്തമാക്കുമോ; തടസ്സം നീക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗം നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയും 2014-15 കാലയളവിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയും ചേർക്കുന്നു.

(സി&ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 3 ആയും 2014-15 കാലയളവിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 4 ആയും ചേർക്കുന്നു.*

(ഇ) 330 ലക്ഷം രൂപയുടെ 31 പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്.

(എഫ്) രണ്ട് പ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും പ്രവൃത്തി ആരും ഏറ്റെടുത്തില്ല. തുടർന്ന് ആലപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയർ നെഗോഷ്യേറ്റഡ് ക്വട്ടേഷൻ വിളിച്ചിട്ടുണ്ട്. ക്വട്ടേഷൻ ലഭ്യമാകുന്ന മുറയ്ക്ക് മറ്റ് നടപടികൾ സ്വീകരിക്കുന്നതാണ്.

കോഴിക്കോട് തൊണ്ടയാട് എരഞ്ഞിപ്പാലം ഫ്ളൈ ഓവറുകൾ

377 (1435) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് തൊണ്ടയാട് ബൈപാസ് ജംഗ്ഷൻ, എരഞ്ഞിപ്പാലം ജംഗ്ഷൻ എന്നിവിടങ്ങളിൽ ഫ്ളൈ ഓവറുകൾ നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly